(സി) മരണപ്പെട്ട ശശികുമാരൻ നായരുടെ കുടുംബത്തിന് 11-2-2000-ൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 30,000 രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) മുകളിൽ (ബി) യിൽ പറഞ്ഞിരിക്കുന്ന നടപടികൾക്കു പുറമേ എച്ച്. സി.റ്റി. 6413, പിരുമുഹമ്മദ് പി.സി.ബി. 7480 മുരളീധരൻ, പി.സി.റ്റി. 9346 സുരേഷ്കുമാർ എന്നിവർക്കെതിരെ വാചകീയ അന്വേഷണം നടത്തുന്നതിന് എ.സി. നർക്കോട്ടിക് സെല്ലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

അറക്കപറമ്പിൽ ഭാസ്ക്കരന്റെ ദുരൂഹമരണം

95 (3285) ശ്രീ. യു. എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാള നിയോജകമണ്ഡലത്തിൽ പള്ളിപ്പുറം വില്ലേജിൽ അറക്കപറമ്പിൽ ഭാസ്ക്കരന്റെ ദുരൂഹമരണത്തെക്കുറിച്ചുള്ള അന്വേഷണം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) 15-11-1992-ൽ ഞായറാഴ്ച വൈകുന്നേരം 6 മണിക്ക് ഭാസ്കരനെ കുറയേടത്ത് പറമ്പിൽ ജനാർദ്ദനൻ സ്ഥലകച്ചവടത്തിന്റെ കാര്യം സംസാരിക്കുന്നതിന് വിളിപ്പിച്ചുകൊണ്ടുപോയതിന് ശേഷമാണ് കാണാതായത് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത കേസന്വേഷണം ഊർജ്ജിതപ്പെടുത്തി കുറ്റവാളികളെ കണ്ടുപടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇത് സംബന്ധിച്ച് മാള പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസ് യാദൃശ്ചികമായ മുങ്ങിമരണമായി ഫൈനൽ റിപ്പോർട്ടാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) അന്വേഷണം നടത്തി യാദൃശ്ചികമായ മുങ്ങിമരണമായി ഫൈനൽ റിപ്പോർട്ടാക്കിയിട്ടുണ്ട്.

പോലീസ് സേനയുടെ സേവന വേതന പരിഷ്ക്കരണങ്ങൾ

96 (3286) ശ്രീ ആനത്തലവട്ടം ആനന്ദൻ :
ശ്രീ. പി. വിശ്വൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. എൻ. ആർ. ബാലൻ :
ശ്രീ. എം. എ തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പോലീസ് സേനയുടെ സേവന വേതന പരിഷ്ക്കാരങ്ങൾക്കും വർദ്ധനവിനും വേണ്ടി ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly